(എ) ഈ സർക്കാരിന്റെ കാലത്ത് മാള കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു ;

(ബി) വെട്ടിക്കുറച്ച ദീർഘദൂര സർവ്വീസുകൾ എത്ര ;

(സി) വെട്ടിക്കുറച്ച ദീർഘദൂര സർവ്വീസുകൾ പുനഃസ്ഥാപിക്കാമോ ;

(ഡി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർവ്വീസുകൾ ഒന്നും വെട്ടിക്കുറച്ചിട്ടില്ല.

(ബി,സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ബസ് സർവീസ് പുനഃസ്ഥാപിക്കാൻ നടപടി

70 (3602) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ അനുവദിച്ചിരുന്ന നാല് കെ. എസ്. ആർ. ടി. സി. ബസുകളിൽ ഒരു ബസ് മാത്രമേ ഇപ്പോൾ സർവ്വീസ് നടത്തുന്നുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് ബസുകളുടെ സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസുകളുടെ കുറവ് പരിഹരിക്കപ്പെടുന്നതനുസരിച്ച് മറ്റ് സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം നഗരത്തിലെ മെട്രോ സർവ്വീസ്

71 (3603) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ വാർഷികം പ്രമാണിച്ച് തിരുവനന്തപുരം നഗരത്തിൽ കെ. എസ്. ആർ. ടി. സി മെട്രോ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ;

(ബി) എത്ര സർവ്വീസുകളാണ് ആരംഭിച്ചത് ;

(സി) ഇതിൽ എത്ര സർവ്വീസുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ഡി) മെട്രോ സർവ്വീസുകൾ കൂടുതലായി ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മെട്രോ സർവ്വീസുകൾ ആരംഭിച്ചിരുന്നു.

(ബി) രണ്ടു സർവ്വീസുകളാണ് ആരംഭിച്ചത്.

(സി) ഇപ്പോൾ ഒന്നും തന്നെ നിലവിലില്ല.

(ഡി) ഇല്ല.

(ഇ) വരുമാനം കുറവായതിനാലാണ് നിർത്തലാക്കിയത്.

റാന്നി താലൂക്കിലേക്കുള്ള കെ. എസ്. ആർ. ടി. സി. സർവ്വീസ് പുനരാരംഭിക്കൽ

72 (3604) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും റാന്നി താലൂക്കിലേയ്ക്ക് എത്ര ബസ് സർവ്വീസുകളാണുള്ളത് ;

(ബി) 2000 ഫ്രെബുവരി മാസത്തിലും മാർച്ച് 5-ാം തീയതിവരെയുള്ള ദിവസങ്ങളും ഇതിൽ ഓരോ ബസും എത്ര ദിവസം വീതം സർവ്വീസ് നടത്തിയിട്ടുണ്ട് ;

(സി) ഇടയ്ക്കിടെ മാത്രം സർവ്വീസ് നടത്തുന്നതു കൊണ്ട് കളക്ഷൻ കുറഞ്ഞു എന്ന കാരണത്താൽ സർവ്വീസുകൾ റദ്ദാക്കാൻ ചില ഉദ്യോഗസ്ഥർ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റാന്നി സെക്ടറിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്ന റൂട്ടുകൾ മറ്റു സ്വകാര്യ ബസുകൾപോലും ഇല്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇങ്ങനെ കെ. എസ്. ആർ. ടി. സി. ബസുകൾ മാത്രം സർവ്വീസ് നടത്തുന്ന റാന്നി സെക്ടറിലേയ്ക്ക് ബസ് അനുവദിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(എഫ്) സർവ്വീസുകൾ റദ്ദാക്കാൻ ആരെങ്കിലും മുൻകൈ എടുക്കുന്നുണ്ടോ ;

(ജി) സ്ഥിരമായി ഓടിക്കുന്ന ബസുകൾ റണ്ണിംഗ് കണ്ടീഷനിലായിട്ടും ഈ റൂട്ടുകളിലേക്ക് സർവ്വീസ് വിടാതിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ ;

(എച്ച്) റാന്നി സെക്ടറിലേയ്ക്ക് സർവ്വീസ് റദ്ദാക്കുന്ന സംഭവത്തെപ്പറ്റി അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) 14 സർവ്വീസുകൾ

(ബി) 06.00 മണി എറണാകുളം (ഫാസ്റ്റ് പാസഞ്ചർ) 25 ദിവസം.

LIBRARY ARCHIVES Kerala Legislative Assembly